പ്രിൻസിപ്പൽ കൃഷി ഓഫീസർക്കുള്ള ഉപയോക്തൃ മാന്വൽ

# DSC INSTALLATION GUIDE

- DSC, അനുബന്ധ സോഫ്റ്റ്‌വെയറുകൾ എങ്ങനെ ഇൻസ്റ്റാൾ ചെയ്യാം
- സംസ്ഥാന വിള ഇൻഷുറൻസിന്റെ

പോളിസി സർട്ടിഫിക്കറ്റ് എങ്ങനെ ഇഷ്യൂ ചെയ്യാം



ഐ റ്റി ഡിവിഷൻ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

ഫോൺ: 0471—2303990, 0471-2309122

# സൂചിക

A. DSC ഉപയോഗിക്കുന്ന കമ്പ്യൂട്ടറിൽ എങ്ങനെ ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യാം------------------------ 2

a . DSC Token Driver കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യുവാൻ---------------------------------------------------------- 2

b. മറ്റ് അനുബന്ധ സോഫ്റ്റ്‌വെയറുകൾ ഡൌൺലോഡ് ചെയ്യുവാൻ ------------------------------------------- 4

1. ePass mudra ഇൻസ്റ്റാൾ ചെയ്യുന്ന വിധം ------------------------------------------------------------------------ 5

ബ്രൌസർ കോൺഫിഗറേഷൻ ചെയ്യുന്ന വിധം --------------------------------------------------------------- 6

Mozilla Firefox കോൺഫിഗറേഷൻ ചെയ്യുന്നതിന് ------------------------------------------------------------ 6

Google Chrome കോൺഫിഗറേഷൻ ചെയ്യുന്നതിന് ------------------------------------------------------------ 10

Internet Eplorer കോൺഫിഗറേഷൻ ചെയ്യുന്നതിന് ------------------------------------------------------------ 11

Edge ബ്രൌസർ കോൺഫിഗറേഷൻ ചെയ്യുന്നതിന് ------------------------------------------------------------ 19

2. NICDSign ഇൻസ്റ്റാൾ ചെയ്യുന്ന വിധം ------------------------------------------------------------------------ 27

B. DSC ഉപയോഗിച്ച് AIMSൽ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് എങ്ങനെ സംസ്ഥാന വിള ഇൻഷ്വറൻസിന്റെ പോളിസി സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാം. ------------------------------------------------------------------------ 33

## AIMS സോഫ്റ്റ്‌വെയറിൽ ഡിജിറ്റൽ സൈനർ ഇൻസ്റ്റാൾ ചെയ്യുന്ന വിധം.

[പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സംസ്ഥാന വിള ഇൻഷുറൻസിന്റെ പോളിസി സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നതിന് വേണ്ടി]

A. DSC ഉപയോഗിക്കുന്ന കമ്പ്യൂട്ടറിൽ എങ്ങനെ ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യാം.

a . DSC Token Driver കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യുവാൻ. [ProxKey token driver ഇൻസ്റ്റാൾ ചെയ്യുന്ന വിധമാണ് ഇവിടെ നൽകിയിരിക്കുന്നത്.]

1. DSC ടോക്കൺ കമ്പ്യൂട്ടറിൽ കണക്ട് ചെയ്യുക.

2. My Computer/ This PC യിൽ നിന്നും കണക്ട് ചെയ്തിട്ടുള്ള USB ഡ്രൈവ് ഐക്കണിൽ [WD ProxKey] റൈറ്റ് ക്ലിക്ക് ചെയ്ത് "**Install or run program from media**" എന്ന ഓപ്ഷൻ സെലക്ട് ചെയ്യുക.




3. താഴെ നൽകിയിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിക്കുക ഇൻസ്റ്റലേഷൻ പൂർത്തിയാക്കുക.

4. **Yes** ബട്ടൺ അമർത്തുക









5. ഇൻസ്റ്റലേഷൻ പൂർത്തിയായി എന്നുള്ള മെസ്സേജ് വരുമ്പോൾ **Finish** ബട്ടൺ അമർത്തുക.

b. മറ്റ അനുബന്ധ സോഫ്റ്റ്‌വെയറുകൾ ഡൌൺലോഡ് ചെയ്യുവാൻ തെഴെ നൽകിയിട്ടുള്ള ലിങ്കിൽ ക്ലിക്ക് ചെയ്യുക.

https://drive.google.com/drive/folders/1o-jW2odoTe5gelgAkGlJab_m0lPGc0Q_?usp=sharing

[ഡ്രൈവ് തുറന്നു വരുന്നില്ലയെങ്കിൽ ലിങ്ക് കോപ്പി ചെയ്ത് ബ്രൗസറിന്റെ അഡ്രസ് ബാറിൽ പേസ്റ്റ് ചെയ്ത് എന്റർ ബട്ടൺ അമർത്തുക.]




ePass mudra, NICDSign എന്നീ യൂട്ടിലിറ്റികളും ssl എന്ന ഫോൾഡറും ഡൌൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക.

ePass mudra ഇൻസ്റ്റാൾ ചെയ്യുന്ന വിധം.

1. ePass2003India-Setup എന്ന ഐക്കണിൽ ഡബ്ബിൾ ക്ലിക്കിൽ ചെയ്ത് ഇൻസ്റ്റലേഷൻ ആരംഭിക്കുക.




2. ഈ വിൻഡോയിൽ **Private CSP** എന്ന റേഡിയോ ബട്ടൺ അമർത്തി **Install** ബട്ടണിൽ ക്ലിക്ക് ചെയ്യുക.

NICDSign ഇൻസ്റ്റാൾ ചെയ്യുന്ന വിധം.

1. NICDSign ഇൻസ്റ്റാൾ ചെയ്യുന്നതിന് മുൻപായി ബ്രൌസർ കോൺഫിഗറേഷൻ നടത്തേണ്ടതുണ്ട്.

ബ്രൌസർ കോൺഫിഗറേഷൻ ചെയ്യുന്ന വിധം.

**a. Mozilla Firefox കോൺഫിഗറേഷൻ ചെയ്യുന്നതിന്**

- Mozilla Firefox തുറന്ന് അഡ്രസ്സ് ബാറിൽ ഇനിപ്പറയുന്നവ ടൈപ്പ്ചെയ്ത് എന്റർ അമർത്തുക.

  about:preferences#privacy

- താഴേക്ക് സ്ക്രോൾ ചെയ്ത്, സർട്ടിഫിക്കറ്റ് മാനേജർ തുറക്കുന്നതിനായി Certificates എന്ന സെക്ഷനിലെ **View Certificates** എന്ന ബട്ടൺ ക്ലിക്കുചെയ്യുക.




- **Certificate Manager** പോപ്പ്അപ്പിൽ, **Authorities** ടാബിൽ ക്ലിക്കുചെയ്ത് **Import** ബട്ടൺ ക്ലിക്കുചെയ്യുക.


Certificate Manager
Your Certificates
Authentication Decisions
People
Servers
Authorities
You have certificates on file that identify these certificate authorities
Certificate Name
Security Device
AC Camerfirma S.A.
Chambers of Commerce Root - 2008
Builtin Object Token
Global Chambersign Root - 2008
Builtin Object Token
AC Camerfirma SA CIF A82743287
Camerfirma Chambers of Commerce Root
Builtin Object Token
Camerfirma Global Chambersign Root
Builtin Object Token
View...
Edit Trust...
Import...
Export...
Delete or Distrust...
OK

- നേരത്തെ ഡൗൺലോഡ് ചെയ്ത ssl എന്ന ഫോൾഡറിലെ rootCA എന്ന ഫയൽ സെലക്ട് ചെയ്ത് ഓപ്പൺ ബട്ടണിൽ ക്ലിക്ക് ചെയ്യുക.



- Downloding Certificates എന്ന പോപ്പ് അപ്പിൽ Trust this CA to identify websites. എന്ന ചെക്ക്ബോക്സിൽ ക്ലിക്ക് ചെയ്യുക.




- OK ബട്ടൺ അമർത്തുക.
- Mozilla Firefox കോൺഫിഗറേഷൻ ചെയ്തു കഴിഞ്ഞു.

b. **Google Chrome കോൺഫിഗറേഷൻ ചെയ്യുന്നതിന്**

- Google Chrome ബ്രൌസർ തുറന്ന അഡ്രസ്സ് ബാറിൽ താഴെ നൽകിയത് പോലെ ടൈപ്പ് ചെയ്ത് നൽകുക.

**chrome://flags/#allow-insecure-localhost**




- NICDSign ക്ലൈന്റുമായി സുരക്ഷിതമായി ആശയവിനിമയം നടത്താൻ Chrome നെ അനുവദിക്കുന്നതിന് **Enable** ലിങ്കിൽ ക്ലിക്കുചെയ്യുക. ഇനി ക്രമീകരണങ്ങൾ പ്രയോഗിക്കാനും Chrome ബ്രൗസർ പുനരാരംഭിക്കാനും പേജിന്റെ ചുവടെയുള്ള **RELAUNCH NOW** എന്ന ബട്ടൺ ക്ലിക്കുചെയ്യുക.




- Google Chrome കോൺഫിഗറേഷൻ ചെയ്തു കഴിഞ്ഞു.

c. **Internet Eplorer കോൺഫിഗറേഷൻ ചെയ്യുന്നതിന്.**

- Internet Eplorer തുറന്ന് **Tools** മെനുവിൽ ക്ലിക്ക ചെയ്യുക, തുടർന്ന് Internet Options എന്ന ഭാഗത്ത് ക്ലിക്കചെയ്യുക.




- **Content** ടാബ് തിരഞ്ഞെടുത്ത് **Certificates** ബട്ടണിൽ ക്ലിക്ക ചെയ്യുക.



- ഇനി **Trusted Root Certification Authorities** ടാബിൽ ക്ലിക്കുചെയ്ത് **Import** ബട്ടൺ ക്ലിക്കുചെയ്യുക.



- Certificate Import Wizard തുറന്നു വരും. Next ബട്ടണിൽ ക്ലിക്ക് ചെയ്യുക.



- നേരത്തെ ഡൌൺലോഡ് ചെയ്ത ssl എന്ന ഫോൾഡറിലെ rootCA എന്ന ഫയൽ സെലക്ട് ചെയ്ത് **Next** ബട്ടണിൽ ക്ലിക്ക് ചെയ്യുക.




- **Next** ബട്ടണിൽ ക്ലിക്ക് ചെയ്യുക.


Certificate Import Wizard
Certificate Store
Certificate stores are system areas where certificates are kept.
Windows can automatically select a certificate store, or you can specify a location for the certificate.
Automatically select the certificate store based on the type of certificate
Place all certificates in the following store
Certificate store:
Trusted Root Certification Authorities
Browse...
Next
Cancel

- Finish ബട്ടണിൽ ക്ലിക്ക് ചെയ്യുക.



- Yes ബട്ടണിൽ ക്ലിക്ക് ചെയ്യുക.



- OK ബട്ടണിൽ ക്ലിക്ക് ചെയ്യുക.




- Internet Explorer കോൺഫിഗറേഷൻ ചെയ്തു കഴിഞ്ഞു.

## d. Edge ബ്രൌസർ കോൺഫിഗറേഷൻ ചെയ്യുന്നതിന്.

- Edge ബ്രൌസർ തുറന്ന് **Tools** മെനുവിൽ ക്ലിക്കു ചെയ്യുക, തുടർന്ന് **Settings** എന്ന ഭാഗത്ത് ക്ലിക്കുചെയ്യുക



- Settingsനു താഴെയുള്ള Search Boxൽ എന്ന് **Certificates** ടൈപ്പ് ചെയ്യുക. റിസൾട്ടിൽ നിന്നും **Manage Certificates** എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക.



- ഇനി **Trusted Root Certification Authorities** ടാബിൽ ക്ലിക്കുചെയ്ത് **Import** ബട്ടൺ ക്ലിക്കുചെയ്യുക.



- Certificate Import Wizard തുറന്നു വരും. Next ബട്ടണിൽ ക്ലിക്ക് ചെയ്യുക.



- നേരത്തെ ഡൌൺലോഡ് ചെയ്ത **ssl** എന്ന ഫോൾഡറിലെ rootCA എന്ന ഫയൽ സെലക്ട് ചെയ്ത് **Next** ബട്ടണിൽ ക്ലിക്ക് ചെയ്യുക.



- **Next** ബട്ടണിൽ ക്ലിക്ക് ചെയ്യുക.



- Finish ബട്ടണിൽ ക്ലിക്ക് ചെയ്യുക.



- OK ബട്ടണിൽ ക്ലിക്ക് ചെയ്യുക.




- Edge ബ്രൌസർ കോൺഫിഗറേഷൻ ചെയ്തു കഴിഞ്ഞു.

- NICDSign യൂട്ടിലിറ്റി ഇൻസ്റ്റാൾ ചെയ്യുന്നതിന് മുമ്പ്, മുമ്പത്തെ ഘട്ടത്തിലെ ടോക്കൺ ഡ്രൈവർ ഇൻസ്റ്റലേഷൻ വിജയകരമായി പൂർത്തിയാക്കണം. ഉപയോഗിക്കുന്ന കമ്പ്യൂട്ടറിൽ NICDSignന്റെ പഴയ വേർഷൻ നേരത്തെ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിൽ അത് Uninstall ചെയ്തതിനു ശേഷമേ പുതിയ വേർഷൻ ഇൻസ്റ്റാൾ ചെയ്യുവാൻ പാടുള്ളു. NICDSign സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് ഡൌൺലോഡ് ചെയ്ത NICDSign എന്ന യൂട്ടിലിറ്റിയുടെ ഐക്കണിൽ ഡബിൾ ക്ലിക്ക് ചെയ്യുക.




- ഇൻസ്റ്റലേഷന് മുമ്പ് ബ്രൌസർ ബ്രൌസർ ക്രമീകരിക്കുന്നതിന് [ബ്രൌസർ കോൺഫിഗറേഷൻ] ഒരു പ്രാരംഭ സന്ദേശം കാണിക്കുന്നു. അടുത്ത ഇൻസ്റ്റാൾ ഘട്ടത്തിലേക്ക് പോകുന്നതിന് OK ക്ലിക്കുചെയ്യുക.



- NICDSignന്റെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കുന്നതിന് **Next** ബട്ടൺ ക്ലിക്ക് ചെയ്ത് ഇൻസ്റ്റലേഷൻ പ്രക്രിയ പൂർത്തിയാക്കുക.







Setup - NICDSign version 1.8
Ready to Install
Setup is now ready to begin installing NICDSign on your computer.
Click Install to continue with the installation, or click Back if you want to review or change any settings.
Destination location:
C:\Program Files (x86)\NICDSign
Additional tasks:
Display NICDSign Installation Manual
Additional shortcuts:
Create a desktop shortcut
< Back
Install
Cancel


Setup - NICDSign version 1.8
Completing the NICDSign Setup Wizard
Setup has finished installing NICDSign on your computer. The application may be launched by selecting the installed shortcuts.
Click Finish to exit Setup.
Launch NICDSign
Finish

- വിജയകരമായ ഇൻസ്റ്റലേഷനു ശേഷം, ടാസ്ക്ബാറിന്റെ വലതുവശത്ത് റണ്ണിംഗ് എന്ന് സ്റ്റാറ്റസുള്ള NICDSign-നായുള്ള ഒരു ഐക്കൺ കാണും (ടോക്കൺ പ്ലഗിൻ ചെയ്തിട്ടുണ്ടെങ്കിൽ). ടോക്കൺ ഡ്രൈവർ കോൺഫിഗറേഷൻ മാറ്റാൻ, NICDSign ഐക്കണിൽ റൈറ്റ് ക്ലിക്കുചെയ്ത് **Settings**ൽ ക്ലിക്കുചെയ്യുക.







- NICDSign Settings എന്ന തലക്കെട്ടോടുകൂടിയ ഒരു വിൻഡോ ദൃശ്യമാകുന്നു. ഉചിതമായ ടോക്കൺ ഡ്രൈവർ തിരഞ്ഞെടുത്ത് **Save** ബട്ടണിൽ ക്ലിക്കുചെയ്യുക.




- ലഭ്യമായ ടോക്കൺ മുൻനിശ്ചയിച്ച യുഎസ്ബി ടോക്കൺ പട്ടികയിൽ പട്ടികപ്പെടുത്തിയിട്ടില്ലെങ്കിൽ, Custom ഓപ്ഷൻ തിരഞ്ഞെടുക്കുക. Custom ടോക്കണിനായി പൊരുത്തപ്പെടുന്ന ഡ്രൈവർ ഫയൽ സ്വമേധയാ തിരഞ്ഞെടുക്കുന്നതിന് ഫോൾഡർ ഐക്കണിൽ ക്ലിക്കുചെയ്യുക. ഡ്രൈവർ Save ചെയ്യുന്നതിന് ഉചിതമായ ഫയൽ തിരഞ്ഞെടുത്ത് **Save** ബട്ടൺ ക്ലിക്കുചെയ്യുക.




- പുതിയ ഡ്രൈവർ ഉപയോഗിച്ച് ടോക്കൺ വീണ്ടും സമാരംഭിക്കുന്നതിന് ടോക്കൺ വിച്ഛേദിച്ച് വീണ്ടും ബന്ധിപ്പിക്കുക.




- NICDSign ഇൻസ്റ്റലേഷൻ പ്രക്രിയ പൂർത്തിയായി കഴിഞ്ഞു.

C. DSC ഉപയോഗിച്ച് AIMSൽ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് എങ്ങനെ സംസ്ഥാന വിള ഇൻഷ്വറൻസിന്റെ പോളിസി സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാം.




1. AIMS വെബ് പോർട്ടലിന്റെ വലതു വശത്ത് കാണുന്ന Dept Login എന്ന ഒപ്ഷനിൽ പ്രവേശിക്കുക




2. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ SMART ലോഗിൻ ID, Password എന്നിവ ഉപയോഗിച്ച് AIMS പോർട്ടലിലേക്ക് ലോഗിൻ ചെയ്യുക.

3. DSC Registration എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.



4. DSC Signer ആരംഭിക്കുകയും ഡിജിറ്റൽ സൈൻ ടോകൺ പാസ്സ്‌വേർഡ് ആവശ്യപ്പെടുകയും ചെയ്യും. ടോകൺ പാസ്സ്‌വേർഡ് നൽകുക. OKബട്ടൺ അമർത്തുക.



5. ടോകെൻ ഉടമയുടെ പേര്, സർട്ടിഫിക്കറ്റ്, മറ്റു വിവരങ്ങൾ എന്നിവ കാണിക്കും. അതിനു താഴെയുള്ള SAVE/UPDATE ബട്ടൻ അമർത്തുക. ശേഷം വരുന്ന OK അല്ലെങ്കിൽ HOMEബട്ടണിൽ അമർത്തുക.




*[3 മുതൽ 5 വരെയുള്ള സ്റ്റെപ്പുകൾ രജിസ്റ്റർ ചെയ്യുന്നതിനായി ഒരു തവണ മാത്രം ചെയ്യാനുള്ളതാണ്.]*

6. ഹോം പേജിൽ My Tasks എന്ന ശീർഷകത്തിനു കീഴിലായി അപ്രൂവ് ചെയ്യാനും, പോളിസി ഇഷ്യൂ ചെയ്യാനുമുള്ള അപേക്ഷകൾ കാണുന്നതാണ്. ഗ്രാഫിൽ ക്ലിക്ക് ചെയ്യുക.



7. **Premium Approval** എന്ന പട്ടികയിൽ അപ്രൂവ് ചെയ്യേണ്ട അപേക്ഷകൾ കാണാൻ കഴിയുന്നതാണ്. അപ്രൂവ് ചെയ്യേണ്ട അപേക്ഷക്ക് നേരെയുള്ള **Edit** ബട്ടൺ അമർത്തുക.




8. റിട്ടേൺ ചെയ്യേണ്ട അപേക്ഷകൾ **Return** ബട്ടൺ അമർത്തി കൃഷി ഓഫീസർക്ക് തിരികെ നൽകാം.

9. അപേക്ഷകന്റെ വിവരങ്ങൾ, ഇൻഷ്വർ ചെയ്യാൻ അപേക്ഷിച്ച വിളകളുടെ വിവരങ്ങൾ, പ്രീമിയം തുകയുടെ വിവരങ്ങൾ, ചലാൻ രേഖ, മറ്റു രേഖകൾ, ചിത്രങ്ങൾ എന്നിവ കാണാൻ കഴിയും.


Application Details

Close

***Recommended ***

SMART ID [redacted]
IFSC Code
Application Number
Address

Account No [redacted]
Applicant Name
Mobile Number

Ward 1

| Survey Number | Land Area | Crop Name | Applied Quantity/ Area | Verified Quantity/ Area | Verified Date | Approval Quantity/ Area | Relief Amount (in ₹) | Land Docs | Asst.Upload Docs | AO.Upload Docs | Chellan Docs |
|---|---|---|---|---|---|---|---|---|---|---|---|
| 444/4 | 100.00Cent | Bhindi - Vegetable Crops | 50.0 Cent | 50.0 | 05/09/2020 | 50.0 | 50 | View File | View file | No File | View file |
| 444/4 | 100.00Cent | Amorphophallus - Tuber Crops | 30.0 Cent | 30.0 | 05/09/2020 | 30.0 | 45 | View File | View file | No File | View file |

Approve

Application Movement

05/09/2020

Application Forwarded to PAO for Approval by Agriculture Officer, Nedumpana krishi Bhavan
**Remarks** - Successfully Confirmed 05/09/2020

10. അപേക്ഷ പരിശോധിച്ച് കഴിഞ്ഞാൽ അപ്പ്രൂവ് ബട്ടൺ അമർത്താം.

11. Approved Successfully എന്ന മെസ്സേജ് ലഭിക്കും. ഒപ്പം, Approve ബട്ടണിന് സമീപത്തായി Sign PDF എന്ന പുതിയ ഒരു ബട്ടൺ പ്രത്യപ്പെടുന്നത് കാണാം. OK ബട്ടൺ അമർത്തുക.







12. **Sign PDF** എന്ന ബട്ടൺ അമർത്തുക.

13. ടോക്കൺ പാസ്സ്‌വേർഡ് ആവശ്യപ്പെട്ടുകൊണ്ട് മെസ്സേജ് ലഭിക്കും. ടോക്കൺ പാസ്സ്‌വേർഡ് നൽകി OK ബട്ടൺ അമർത്തുക.




14. പോളിസി സർട്ടിഫിക്കറ്റിന്റെ സൈൻ ചെയ്യാത്ത ഒരു ഡോക്യുമെന്റ് കാണാൻ കഴിയും. അതിനുതാഴെയുള്ള Confirm Sign എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.



15. തുടർന്ന് View PDF, Forward എന്നിങ്ങനെ രണ്ട ബട്ടണുകൾ പ്രത്യക്ഷപ്പെടുന്നത് കാണാം. View PDF ബട്ടണിൽ ക്ലിക്ക് ചെയ്ത് സൈൻ ചെയ്ത PDF കാണാൻ കഴിയുന്നതാണ്. Forward ബട്ടണിൽ ക്ലിക്ക് ചെയ്ത കഴിയുമ്പോൾ പോളിസി സർട്ടിഫിക്കറ്റ് കർഷകന്റെ ലോഗിനിലേക്ക് കൈമാറ്റം ചെയ്യപ്പെടും.



| Survey Number | Land Area | Crop Name | Applied Quantity/ Area | Verified Quantity/ Area | Verified Date | Approval Quantity/ Area | Relief Amount (in ₹) | Land Docs | Asst.Upload Docs | AO.Upload Docs | Chellan Docs |
|---|---|---|---|---|---|---|---|---|---|---|---|
| 444/4 | 100.00Cent | Bhindi - Vegetable Crops | 50.0 Cent | 50.0 | 05/09/2020 | 50.0 | 50 | View File | View file | No File | View file |
| 444/4 | 100.00Cent | Amorphophallus - Tuber Crops | 30.0 Cent | 30.0 | 05/09/2020 | 30.0 | 45 | View File | View file | No File | View file |



*******************************